**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6442** **10-07-2024 - ൽ മറുപടിയ്ക്ക്**

**യുവജനങ്ങളുടെ കായിക പരിശീലനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ജോയി | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | യുവജനങ്ങളുടെ കായിക പരിശീലനത്തിനായി വകുപ്പ് എന്തെല്ലാം സഹായങ്ങളാണ് ചെയ്തുവരുന്നതെന്ന് വിശദമാക്കാമോ; | (എ) | യുവജനങ്ങളുടെ കായിക പരിശീലനത്തിനായി വകുപ്പ് മുഖേനെ ചെയ്തുവരുന്ന പ്രവർത്തനങ്ങൾ ചുവടെ ചേർത്തിരിക്കുന്നു.<br><br>**കായിക യുവജന കാര്യാലയം**<br><br>യുവജനങ്ങളുടെ കായിക പരിശീലനത്തിനായി കായിക വികസന നിധിയിൽ നിന്നും സംസ്ഥാന സ്പോർട്സ് കൗൺസിലുമായി അഫിലിയേറ്റ് ചെയ്തിട്ടുള്ള കായിക വിഭാഗങ്ങളിലെ സംഘടനകൾക്കും, കായിക താരങ്ങൾക്കും സ്പോർട്സ്/ ഫിറ്റ്നസ് ഉപകരണങ്ങൾ വാങ്ങി നൽകുക/സ്പോർട്സ് ഉപകരണങ്ങൾ വാങ്ങുന്നതിന് സാമ്പത്തിക സഹായം, കായിക മത്സരങ്ങളിൽ പങ്കെടുക്കുന്നതിന് സഹായം/കായിക മത്സരങ്ങളിൽ പങ്കെടുത്തു വിജയിച്ച കായിക താരങ്ങൾക്ക് പ്രോത്സാഹന സമ്മാനമായി ക്യാഷ് അവാർഡ്/ ആധുനിക കായിക ഉപകരണങ്ങൾ ലഭ്യമാക്കുക എന്നിവയൊക്കെ സർക്കാർ അനുമതിയോടുകൂടി നൽകിവരുന്നു. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് 40,00,000/- രൂപയും, നിലവിലെ സർക്കാർ 2,35,90,000/- രൂപയുടെയും സഹായങ്ങൾ നൽകിയിട്ടുണ്ട്.<br><br>**കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ്**<br><br>ട്രൈബൽ ഫെസ്റ്റ്-ന്റെ ഭാഗമായി 2022-23 സാമ്പത്തിക വർഷം പാലക്കാട് ജില്ലയിലെ യുവജനങ്ങൾക്ക് മുൻഗണന നൽകികൊണ്ട് തെരഞ്ഞെടുക്കപ്പെട്ട 60 പേർക്ക് പ്രമുഖ ഫുട്ബോൾ താരം ശ്രീ.സി.കെ.വിനീത്-ന്റെ ഉടമസ്ഥതയിലുള്ള The 13$^{th}$ Foundation എന്ന സ്ഥാപനവുമായി സഹകരിച്ച് ഫുട്ബോൾ പരിശീലനം സംഘടിപ്പിച്ചു. ഇതിനായി 4,50,000/- രൂപ വിനിയോഗിച്ചു. |

2023 മാർച്ച് 29 മുതൽ ഏപ്രിൽ 2 വരെ കണ്ണൂർ ജില്ലയിലെ മാലൂരിൽ വച്ച് സംസ്ഥാനതല വോളിബോൾ മത്സരം സംഘടിപ്പിച്ചു. ഇതിനായി 3,95,000/- രൂപ വിനിയോഗിച്ചു.

2023 മാർച്ച് 17,18,19 തീയതികളിൽ കാസർഗോഡ് തൃക്കരിപ്പൂർ മണ്ഡലത്തിൽ ചെറുവത്തൂർ വച്ച് കബഡി ഫെസ്റ്റ് സംഘടിപ്പിച്ചു. ഇതിനായി 4,00,000/- രൂപ വിനിയോഗിച്ചു.

2022 നവംബർ 19, 20 തീയതികളിൽ മലപ്പുറം വളാഞ്ചേരി മുന്നാസ് സ്റ്റേഡിയത്തിൽ വച്ച് സംസ്ഥാനതല ഫുട്ബോൾ മത്സരം (സെവൻസ്) സംഘടിപ്പിച്ചു. ഇതിനായി 6,75,341/- രൂപ വിനിയോഗിച്ചു.

2022-23 സാമ്പത്തിക വർഷം ലഹരിവിരുദ്ധ പ്രവർത്തനങ്ങളുടെ ഭാഗമായി അവളിടം ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ വനിതകൾക്ക് ഫുട്ബോൾ പരിശീലനവും മത്സരവും മലപ്പുറം ജില്ലയിൽ വച്ച സംഘടിപ്പിച്ചു. ഇതിനായി 4,10,000/- രൂപ വിനിയോഗിച്ചു.

2020-21 സാമ്പത്തിക വർഷം 862 യൂത്ത് ക്ലബ്ബുകൾക്കും 413 യുവാ ക്ലബ്ബുകൾക്കും കൂടി ആകെ 1275 ക്ലബ്ബുകൾക്ക് കായിക ഉപകരണങ്ങൾ വാങ്ങുന്നതിന് 8,000/- രൂപ വീതം ആകെ 1,02,00,000/- രൂപ അനുവദിച്ചിട്ടുണ്ട്.

യുവജനക്ഷേമ ബോർഡിന്റെ ആഭിമുഖ്യത്തിൽ യൂത്ത്/ യുവാ ക്ലബ്ബുകളെ പങ്കെടുപ്പിച്ചുകൊണ്ട് ജില്ലാ യുവജന കേന്ദ്രങ്ങളുടെ നേതൃത്വത്തിൽ 2019-20 സാമ്പത്തിക വർഷം ജില്ലാതല സെവൻസ് ഫുട്ബോൾ സംഘടിപ്പിച്ചിട്ടുണ്ട്. ഒരു ജില്ലയ്ക്ക് സംഘാടന ചെലവുകൾക്കായി 50,000/- രൂപയും പ്രൈസ് മണിയായി ഇനത്തിൽ 40,000/- രൂപയും കൂടി ആകെ 90,000/- രൂപ വീതം ജില്ലകൾക്ക് അനുവദിച്ചിട്ടുണ്ട്. ജില്ലാതല വിജയികളുടെ മത്സരം സംസ്ഥാനതലത്തിൽ കോഴിക്കോട് ജില്ലയിലെ ഫറോക്കിൽ വച്ച് സംഘടിപ്പിച്ചു. സെവൻസ് ഫുട്ബോൾ മത്സരത്തിനായി ആകെ 17,54,867/- രൂപ ചെലവഴിച്ചിട്ടുണ്ട്.

**<u>കേരള സംസ്ഥാന യുവജന കമ്മീഷൻ</u>**

പാർശ്വവത്കൃത യുവജനങ്ങളുടെ ശാക്തീകരണം/ ആരോഗ്യ ക്യാമ്പ്, ആയോധനകല പരിശീലനം എന്ന പദ്ധതിയിലൂടെ യുവജനങ്ങൾക്കായി കേരള സംസ്ഥാന യുവജന കമ്മീഷൻ മാർഷ്യൽ ആർട്സ്

പരിശീലനം നൽകുന്ന പദ്ധതി ആവഷ്കരിച്ച് നടപ്പിലാക്കി വരുന്നു.

2020-21 സാമ്പത്തിക വർഷം 2,85,519/- രൂപയും, 2021-22 സാമ്പത്തിക വർഷം 1,94,040/- രൂപയും, 2022-23 സാമ്പത്തിക വർഷം 46,500/- രൂപയും, 2023-24 സാമ്പത്തിക വർഷം 1,19,166/- രൂപയും ഉൾപ്പെടെ ആകെ 6,45,225/-രൂപ ചെലവാക്കിയിട്ടുണ്ട്.

**കേരള സംസ്ഥാന സ്പോർട്സ് കൗൺസിൽ**

ജില്ല, കോളേജ്, സ്കൂൾ സ്പോർട്സ് അക്കാദമികൾ

കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിൽ നിലവിൽ 26 ജില്ലാ സ്പോർട്സ് അക്കാദമികളും 41 കോളേജ് സ്പോർട്സ് അക്കാദമികളും 15 സ്കൂൾ സ്പോർട്സ് അക്കാദമികളും നടത്തുന്നുണ്ട്. ജില്ലാ സോർട്സ് അക്കാദമികൾ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ നേരിട്ട് പരിപാലിക്കുമ്പോൾ കോളേജ് സ്കൂൾ സ്പോർട്സ് ഹോസ്റ്റലുകൾ അതാത് മാനേജ്മെന്റുകളാണ് പരിപാലിക്കുന്നത്. ഹോസ്റ്റലുകളിലെ കായികതാരങ്ങൾക്ക് താമസവും, വിദഗ്ധ പരിശീലകരുടെ കീഴിലുള്ള പരിശീലനവും ലഭ്യമാക്കുന്നുണ്ട്.

മികവിന്റെ കേന്ദ്രം (എലൈറ്റ് ട്രെയിനിംഗ് സെന്റർ അത്ലറ്റിക്സ്, വോളിബോൾ, ബാസ്കറ്റ്ബോൾ & ഫുട്ബോൾ)

കായിക പ്രതിഭകളായ യുവതാരങ്ങളിലെ കായിക വൈദഗ്ധ്യം പരിപോഷിപ്പിക്കുന്നതിനും ഏഷ്യൻ കോമൺവെൽത്ത്/ഒളിമ്പിക്സ് ഗെയിംസിൽ മെഡൽ നേടാൻ പ്രാപ്തരാക്കുന്നതിനുമായി അത്‌ലറ്റിക്സ്, വോളിബോൾ, ബാസ്കറ്റ്ബോൾ എന്നീ വിഭാഗങ്ങളിൽ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ മികവിന്റെ കേന്ദ്രങ്ങൾ നടപ്പാക്കിയിട്ടുണ്ട്.

ഓപ്പറേഷൻ ഒളിമ്പിയ 2024-2028

ഓപ്പറേഷൻ ഒളിമ്പിയ എന്ന് പേരിട്ടിട്ടുള്ള പദ്ധതി ഇനിപ്പറയുന്ന ലക്ഷ്യങ്ങൾ കൈവരിക്കാൻ ലക്ഷ്യമിടുന്നു.

എ) 2024-2028 ഒളിമ്പിക്സിൽ ഉയർന്ന മെഡൽ നേടാനുള്ള സാധ്യതയുള്ള വ്യക്തിഗത സ്പോർട്സും ഗെയിമുകളും തിരിച്ചറിയാൻ.

ബി) അത്യാധുനിക പരിശീലന സൗകര്യങ്ങളും കായിക അടിസ്ഥാന സൗകര്യങ്ങളും

വികസിപ്പിക്കുന്നതിനും ലഭ്യമാക്കുന്നതിനും, അതനുസരിച്ച് അത്‌ലറ്റിക്സ്, ബാഡ്മിന്റൺ, ബോക്സിംഗ്, ഫെൻസിങ്, റോവിംഗ് എന്നീ 5 കായിക ഇനങ്ങൾ തിരിച്ചറിഞ്ഞിട്ടുണ്ട്.

<u>കായിക ക്ഷമതാ മിഷൻ</u>

നഴ്സറി സ്കൂൾ തലം മുതൽ സമൂഹത്തിലെ വിവിധ വിഭാഗങ്ങൾക്കിടയിൽ ശാരീരികമായി സജീവമായ ജീവിതം നയിക്കുന്നതിന്റെ നേട്ടങ്ങൾ പ്രോത്സാഹിപ്പിക്കാനാണ് കായിക ക്ഷമത മിഷൻ ലക്ഷ്യമിടുന്നത്. കേരള സർക്കാരിന്റെ വിവിധ വകുപ്പുകളായ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ, വിദ്യാഭ്യാസ വകുപ്പ്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയുടെ സഹകരണത്തോടെയാണ് പദ്ധതി നടപ്പാക്കുന്നത്. വിദ്യാർത്ഥികളുടെ ശാരീരികക്ഷമത മെച്ചപ്പെടുത്തുന്നതിനും ശാരീരിക സാക്ഷരതയെക്കുറിച്ച് അവബോധം സൃഷ്ടിക്കുന്നതിനും രണ്ടാം ഘട്ടം വിഭാവനം ചെയ്യുന്നു.

<u>എല്ലാവർക്കും യോഗ</u>

യോഗയുടെ പ്രചാരവും എല്ലാ മനുഷ്യർക്കും അതിന്റെ സമഗ്രമായ പ്രയോജനവും കണക്കിലെടുത്ത്, 'എല്ലാവർക്കും യോഗ' എന്ന പരിപാടിയിലൂടെ കേരളത്തിലെ സ്കൂൾ കുട്ടികൾക്ക് യോഗയെക്കുറിച്ചുള്ള പ്രാഥമിക അറിവ് നൽകണമെന്ന് നിർദ്ദേശിക്കുന്നു. വിദഗ്ധരും പരിശീലകരും, ഉപകരണങ്ങളും മറ്റ് സഹായ ചെലവുകളും ഈ സ്കീമിന് കീഴിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

<u>മികച്ച കായിക താരങ്ങൾക്കുള്ള സ്കോളർഷിപ്പ്</u>

മികച്ച കായിക താരങ്ങൾക്കുള്ള സ്കോളർഷിപ്പിനായി 2024-25 ബജറ്റിൽ 15 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

<u>വനിതാ ഫുട്ബോൾ അക്കാദമി</u>

ദേശീയ തലത്തിൽ കേരളത്തിലെ വനിതാ ഫുട്ബോളിന്റെ നിലവാരം ഉയർത്താൻ ഉദ്ദേശിച്ചിട്ടുള്ളതാണ് പ്രസ്തുത പദ്ധതി.

<u>വനിതാ വോളിബോൾ അക്കാദമി</u>

കേരള സർക്കാരിന്റെയും വിദ്യാഭ്യാസ വകുപ്പിന്റെയും സഹകരണത്തോടെ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലാണ് പദ്ധതി നടപ്പാക്കുന്നത്.

| | | | |
|---|---|---|---|
| | | | മുൻ സർക്കാരിന്റ കാലത്തും നിലവിലെ സർക്കാരും യുവജനങ്ങളുടെ കായിക പരിശീലനത്തിനായി ചെലവഴിച്ച തുക സംബന്ധിച്ച് വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) | അതിനായി മുൻ സർക്കാരും നിലവിലെ സർക്കാരും എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ? | (ബി) | യുവജനങ്ങളുടെ കായിക പരിശീലനത്തിനായി വകുപ്പ് മുഖേനെ ചെയ്തുവരുന്ന പ്രവർത്തനങ്ങൾ ചുവടെ ചേർത്തിരിക്കുന്നു.<br><br>**<u>കായിക യുവജന കാര്യാലയം</u>**<br><br>യുവജനങ്ങളുടെ കായിക പരിശീലനത്തിനായി കായിക വികസന നിധിയിൽ നിന്നും സംസ്ഥാന സ്പോർട്സ് കൗൺസിലുമായി അഫിലിയേറ്റ് ചെയ്തിട്ടുള്ള കായിക വിഭാഗങ്ങളിലെ സംഘടനകൾക്കും, കായിക താരങ്ങൾക്കും സ്പോർട്സ്/ ഫിറ്റ്നസ് ഉപകരണങ്ങൾ വാങ്ങി നൽകുക/സ്പോർട്സ് ഉപകരണങ്ങൾ വാങ്ങുന്നതിന് സാമ്പത്തിക സഹായം, കായിക മത്സരങ്ങളിൽ പങ്കെടുക്കുന്നതിന് സഹായം/കായിക മത്സരങ്ങളിൽ പങ്കെടുത്തു വിജയിച്ച കായിക താരങ്ങൾക്ക് പ്രോത്സാഹന സമ്മാനമായി ക്യാഷ് അവാർഡ്/ ആധുനിക കായിക ഉപകരണങ്ങൾ ലഭ്യമാക്കുക എന്നിവയൊക്കെ സർക്കാർ അനുമതിയോടുകൂടി നൽകിവരുന്നു. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് 40,00,000/- രൂപയും, നിലവിലെ സർക്കാർ 2,35,90,000/- രൂപയുടെയും സഹായങ്ങൾ നൽകിയിട്ടുണ്ട്.<br><br>**<u>കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ്</u>**<br><br>ട്രൈബൽ ഫെസ്റ്റ്-ന്റെ ഭാഗമായി 2022-23 സാമ്പത്തിക വർഷം പാലക്കാട് ജില്ലയിലെ യുവജനങ്ങൾക്ക് മുൻഗണന നൽകികൊണ്ട് തെരഞ്ഞെടുക്കപ്പെട്ട 60 പേർക്ക് പ്രമുഖ ഫുട്ബോൾ താരം ശ്രീ.സി.കെ.വിനീത്-ന്റെ ഉടമസ്ഥതയിലുള്ള The 13th Foundation എന്ന സ്ഥാപനവുമായി സഹകരിച്ച് ഫുട്ബോൾ പരിശീലനം സംഘടിപ്പിച്ചു. ഇതിനായി 4,50,000/- രൂപ വിനിയോഗിച്ചു.<br><br>2023 മാർച്ച് 29 മുതൽ ഏപ്രിൽ 2 വരെ കണ്ണൂർ ജില്ലയിലെ മാലൂരിൽ വച്ച് സംസ്ഥാനതല വോളിബോൾ മത്സരം സംഘടിപ്പിച്ചു. ഇതിനായി 3,95,000/- രൂപ വിനിയോഗിച്ചു.<br><br>2023 മാർച്ച് 17,18,19 തീയതികളിൽ കാസർഗോഡ് തൃക്കരിപ്പൂർ മണ്ഡലത്തിൽ ചെറുവത്തൂർ വച്ച് കബഡി ഫെസ്റ്റ് സംഘടിപ്പിച്ചു. ഇതിനായി 4,00,000/- രൂപ വിനിയോഗിച്ചു. |

2022 നവംബർ 19, 20 തീയതികളിൽ മലപ്പുറം വളാഞ്ചേരി മുന്നാസ് സ്റ്റേഡിയത്തിൽ വച്ച് സംസ്ഥാനതല ഫുട്ബോൾ മത്സരം (സെവൻസ്) സംഘടിപ്പിച്ചു. ഇതിനായി 6,75,341/- രൂപ വിനിയോഗിച്ചു.

2022-23 സാമ്പത്തിക വർഷം ലഹരിവിരുദ്ധ പ്രവർത്തനങ്ങളുടെ ഭാഗമായി അവളിടം ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ വനിതകൾക്ക് ഫുട്ബോൾ പരിശീലനവും മത്സരവും മലപ്പുറം ജില്ലയിൽ വച്ച സംഘടിപ്പിച്ചു. ഇതിനായി 4,10,000/- രൂപ വിനിയോഗിച്ചു.

2020-21 സാമ്പത്തിക വർഷം 862 യൂത്ത് ക്ലബ്ബുകൾക്കും 413 യുവാ ക്ലബ്ബുകൾക്കും കൂടി ആകെ 1275 ക്ലബ്ബുകൾക്ക് കായിക ഉപകരണങ്ങൾ വാങ്ങുന്നതിന് 8,000/- രൂപ വീതം ആകെ 1,02,00,000/- രൂപ അനുവദിച്ചിട്ടുണ്ട്.

യുവജനക്ഷേമ ബോർഡിന്റെ ആഭിമുഖ്യത്തിൽ യൂത്ത്/ യുവാ ക്ലബ്ബുകളെ പങ്കെടുപ്പിച്ചുകൊണ്ട് ജില്ലാ യുവജന കേന്ദ്രങ്ങളുടെ നേതൃത്വത്തിൽ 2019-20 സാമ്പത്തിക വർഷം ജില്ലാതല സെവൻസ് ഫുട്ബോൾ സംഘടിപ്പിച്ചിട്ടുണ്ട്. ഒരു ജില്ലയ്ക്ക് സംഘാടന ചെലവുകൾക്കായി 50,000/- രൂപയും പ്രൈസ് മണിയായി ഇനത്തിൽ 40,000/- രൂപയും കൂടി ആകെ 90,000/- രൂപ വീതം ജില്ലകൾക്ക് അനുവദിച്ചിട്ടുണ്ട്. ജില്ലാതല വിജയികളുടെ മത്സരം സംസ്ഥാനതലത്തിൽ കോഴിക്കോട് ജില്ലയിലെ ഫറോക്കിൽ വച്ച് സംഘടിപ്പിച്ചു. സെവൻസ് ഫുട്ബോൾ മത്സരത്തിനായി ആകെ 17,54,867/- രൂപ ചെലവഴിച്ചിട്ടുണ്ട്.

**കേരള സംസ്ഥാന യുവജന കമ്മീഷൻ**

പാർശ്വവത്കൃത യുവജനങ്ങളുടെ ശാക്തീകരണം/ ആരോഗ്യ ക്യാമ്പ്, ആയോധനകല പരിശീലനം എന്ന പദ്ധതിയിലൂടെ യുവജനങ്ങൾക്കായി കേരള സംസ്ഥാന യുവജന കമ്മീഷൻ മാർഷ്യൽ ആർട്സ് പരിശീലനം നൽകുന്ന പദ്ധതി ആവഷ്കരിച്ച് നടപ്പിലാക്കി വരുന്നു.

2020-21 സാമ്പത്തിക വർഷം 2,85,519/- രൂപയും, 2021-22 സാമ്പത്തിക വർഷം 1,94,040/- രൂപയും, 2022-23 സാമ്പത്തിക വർഷം 46,500/- രൂപയും, 2023-24 സാമ്പത്തിക വർഷം 1,19,166/- രൂപയും ഉൾപ്പെടെ ആകെ 6,45,225/-രൂപ ചെലവാക്കിയിട്ടുണ്ട്.

**കേരള സംസ്ഥാന സ്പോർട്സ് കൗൺസിൽ**

ജില്ല, കോളേജ്, സ്കൂൾ സ്പോർട്സ് അക്കാദമികൾ

കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിൽ നിലവിൽ 26 ജില്ലാ സ്പോർട്സ് അക്കാദമികളും 41 കോളേജ് സ്പോർട്സ് അക്കാദമികളും 15 സ്കൂൾ സ്പോർട്സ് അക്കാദമികളും നടത്തുന്നുണ്ട്. ജില്ലാ സോർട്സ് അക്കാദമികൾ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ നേരിട്ട് പരിപാലിക്കുമ്പോൾ കോളേജ് സ്കൂൾ സ്പോർട്സ് ഹോസ്റ്റലുകൾ അതാത് മാനേജ്മെന്റുകളാണ് പരിപാലിക്കുന്നത്. ഹോസ്റ്റലുകളിലെ കായികതാരങ്ങൾക്ക് താമസവും, വിദഗ്ധ പരിശീലകരുടെ കീഴിലുള്ള പരിശീലനവും ലഭ്യമാക്കുന്നുണ്ട്.

മികവിന്റെ കേന്ദ്രം (എലൈറ്റ് ട്രെയിനിംഗ് സെന്റർ അത്ലറ്റിക്സ്, വോളിബോൾ, ബാസ്കറ്റ്ബോൾ & ഫുട്ബോൾ)

കായിക പ്രതിഭകളായ യുവതാരങ്ങളിലെ കായിക വൈദഗ്ധ്യം പരിപോഷിപ്പിക്കുന്നതിനും ഏഷ്യൻ കോമൺവെൽത്ത്/ഒളിമ്പിക്സ് ഗെയിംസിൽ മെഡൽ നേടാൻ പ്രാപ്തരാക്കുന്നതിനുമായി അത്‌ലറ്റിക്സ്, വോളിബോൾ, ബാസ്കറ്റ്ബോൾ എന്നീ വിഭാഗങ്ങളിൽ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ മികവിന്റെ കേന്ദ്രങ്ങൾ നടപ്പാക്കിയിട്ടുണ്ട്.

ഓപ്പറേഷൻ ഒളിമ്പിയ 2024-2028

ഓപ്പറേഷൻ ഒളിമ്പിയ എന്ന് പേരിട്ടിട്ടുള്ള പദ്ധതി ഇനിപ്പറയുന്ന ലക്ഷ്യങ്ങൾ കൈവരിക്കാൻ ലക്ഷ്യമിടുന്നു.

എ) 2024-2028 ഒളിമ്പിക്സിൽ ഉയർന്ന മെഡൽ നേടാനുള്ള സാധ്യതയുള്ള വ്യക്തിഗത സ്പോർട്സും ഗെയിമുകളും തിരിച്ചറിയാൻ.

ബി) അത്യാധുനിക പരിശീലന സൗകര്യങ്ങളും കായിക അടിസ്ഥാന സൗകര്യങ്ങളും വികസിപ്പിക്കുന്നതിനും ലഭ്യമാക്കുന്നതിനും, അതനുസരിച്ച് അത്‌ലറ്റിക്സ്, ബാഡ്മിന്റൺ, ബോക്സിംഗ്, ഫെൻസിങ്, റോവിംഗ് എന്നീ 5 കായിക ഇനങ്ങൾ തിരിച്ചറിഞ്ഞിട്ടുണ്ട്.

കായിക ക്ഷമതാ മിഷൻ

നഴ്സറി സ്കൂൾ തലം മുതൽ സമൂഹത്തിലെ വിവിധ വിഭാഗങ്ങൾക്കിടയിൽ ശാരീരികമായി സജീവമായ ജീവിതം നയിക്കുന്നതിന്റെ നേട്ടങ്ങൾ

| | | | |
|---|---|---|---|
| | | | പ്രോത്സാഹിപ്പിക്കാനാണ് കായിക ക്ഷമത മിഷൻ ലക്ഷ്യമിടുന്നത്. കേരള സർക്കാരിന്റെ വിവിധ വകുപ്പുകളായ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ, വിദ്യാഭ്യാസ വകുപ്പ്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയുടെ സഹകരണത്തോടെയാണ് പദ്ധതി നടപ്പാക്കുന്നത്. വിദ്യാർത്ഥികളുടെ ശാരീരികക്ഷമത മെച്ചപ്പെടുത്തുന്നതിനും ശാരീരിക സാക്ഷരതയെക്കുറിച്ച് അവബോധം സൃഷ്ടിക്കുന്നതിനും രണ്ടാം ഘട്ടം വിഭാവനം ചെയ്യുന്നു.<br><br><u>എല്ലാവർക്കും യോഗ</u><br><br>യോഗയുടെ പ്രചാരവും എല്ലാ മനുഷ്യർക്കും അതിന്റെ സമഗ്രമായ പ്രയോജനവും കണക്കിലെടുത്ത്, 'എല്ലാവർക്കും യോഗ' എന്ന പരിപാടിയിലൂടെ കേരളത്തിലെ സ്കൂൾ കുട്ടികൾക്ക് യോഗയെക്കുറിച്ചുള്ള പ്രാഥമിക അറിവ് നൽകണമെന്ന് നിർദ്ദേശിക്കുന്നു. വിദഗ്ധരും പരിശീലകരും, ഉപകരണങ്ങളും മറ്റ് സഹായ ചെലവുകളും ഈ സ്കീമിന് കീഴിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.<br><br><u>മികച്ച കായിക താരങ്ങൾക്കുള്ള സ്കോളർഷിപ്പ്</u><br><br>മികച്ച കായിക താരങ്ങൾക്കുള്ള സ്കോളർഷിപ്പിനായി 2024-25 ബജറ്റിൽ 15 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.<br><br><u>വനിതാ ഫുട്ബോൾ അക്കാദമി</u><br><br>ദേശീയ തലത്തിൽ കേരളത്തിലെ വനിതാ ഫുട്ബോളിന്റെ നിലവാരം ഉയർത്താൻ ഉദ്ദേശിച്ചിട്ടുള്ളതാണ് പ്രസ്തുത പദ്ധതി.<br><br><u>വനിതാ വോളിബോൾ അക്കാദമി</u><br><br>കേരള സർക്കാരിന്റെയും വിദ്യാഭ്യാസ വകുപ്പിന്റെയും സഹകരണത്തോടെ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലാണ് പദ്ധതി നടപ്പാക്കുന്നത്.<br><br>മുൻ സർക്കാരിന്റ കാലത്തും നിലവിലെ സർക്കാരും യുവജനങ്ങളുടെ കായിക പരിശീലനത്തിനായി ചെലവഴിച്ച തുക സംബന്ധിച്ച് വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം 1

## യുവജനങ്ങളുടെ കായിക പരിശീലനത്തിനായി ചെലവഴിച്ച തുക

| Sl No | Particulars | I | | | | | Total | !! | | | | Total |
|---|---|---|---|---|---|---|---|---|---|---|---|---|
| | | 2016-17 | 2017-18 | 2018-19 | 2019-20 | 2020-21 | | 2021-22 | 2022-23 | 2023-24 | 2024-25 | |
| 1 | Establishment & Impliment expenditure of DSA /College/School Sports Hostels | 154339628 | 206427041 | 231900369 | 208250272 | 104665605 | **905582915** | 110698279 | 180252607 | 134099793 | 60000000 | **485050679** |
| 2 | Elite Scheme | 2584445 | 4935660 | 4359424 | 5287106 | 1184851 | **18351486** | 671300 | 182376 | Nil | Nil | **853676** |
| 3 | Dr.Apj Abdulkalam Scholership | Nil | 680000 | 844000 | 734000 | 499000 | **2757000** | 370000 | 564000 | 20000 | Nil | **954000** |
| 4 | Operation Olympia | Nil | 54183 | 11757426 | 11580690 | 2967426 | **26359725** | Nil | Nil | Nil | Nil | **Nil** |
| 5 | Women Football Academy | Nil | Nil | Nil | Nil | Nil | **0** | 885117 | 1668925 | Nil | 210000 | **2764042** |
| 6 | Women Volleyball Acadamy | Nil | Nil | Nil | Nil | Nil | **0** | Nil | Nil | Nil | Nil | **0** |
| 7 | Yoga for All | Nil | Nil | Nil | Nil | Nil | **0** | 14426 | Nil | 2500000 | Nil | **2514426** |
| 8 | Kayika kshamatha Mission | Nil | Nil | Nil | Nil | Nil | **0** | Nil | Nil | Nil | Nil | **0** |